**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1468**

**12.07.2011- ൽ മറുപടിക്ക്**

## 'വയനാട് പാക്കേജി'ന്റെ കാലാവധി നീട്ടുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ. | | ശ്രീ. കെ. എം. മാണി. (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും ഭവന വായ്പ എടുത്തിരിക്കുന്നവരിൽ എത്രപേരെയാണ് വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 3474 ഗുണഭോക്താക്കളെയാണ് വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 14.01.2011 -ലെ 4/2011/ഭവനം നമ്പർ ഉത്തരവ് പ്രകാരമാണ് വയനാട് ജില്ലയിലെ വായ്പക്കാർക്ക് വയനാട് പാക്കേജിൽ ഉൾപ്പെടുത്തി ഇളവുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. വിവിധ വരുമാന വിഭാഗങ്ങളിലായി 3474 വായ്പക്കാരുടെ മൊത്തം ബാദ്ധ്യത 58.65 കോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവിൻ പ്രകാരം വയനാട് പാക്കേജിൽ ഉൾപ്പെടുത്തി ബാദ്ധ്യത തീർക്കുന്ന വായ്പക്കാർക്ക് ബാദ്ധ്യതയായി നിൽക്കുന്ന മുതലും പലിശയും മാത്രം അടച്ച് വായ്പാ കണക്ക് ക്ലോസ് ചെയ്യാവുന്നതാണ്. പിഴപ്പലിശയും മുടക്കപ്പലിശയും പൂർണ്ണമായും ഇളവ് അനുവദിക്കുന്നതാണ്. 3474 വായ്പാക്കാരുടെ പേരിൽ പിഴപ്പലിശയിനത്തിൽ 5.03 കോടി രൂപയും മുടക്കപ്പലിശയിനത്തിൽ 25.04 കോടി രൂപയും ഉൾപ്പെടെ 30.07 കോടി രൂപയുടെ ഇളവുകളാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനകം 72 വായ്പാക്കാർക്ക് 1.57 കോടി രൂപയുടെ ഇളവുകൾ അനുവദിച്ച് ബാദ്ധ്യത തീർത്ത് 1.46 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വയനാട് പാക്കേജിന്റെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കുമോ; | (സി) | 30.06.2011 -വരെ ആയിരുന്നു. |
| (ഡി) | കാർഷിക പ്രതിസന്ധി മൂലമുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത പാക്കേജിന്റെ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ